**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നേഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് ഏതു വർഷംവരെ വിതരണം ചെയ്തുവെന്നും ,വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നും; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ തുക പൂർണമായും വിനിയോഗിച്ചു കൊണ്ട് വിതരണം ചെയ്തിട്ടുണ്ട്. 2023-24 വരെയുള്ള വർഷത്തെ സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സ്കോളർഷിപ്പ് അപേക്ഷകളുടെ സ്വീകരണം വേഗത്തിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി വിവിധ യൂണിവേഴ്സിറ്റികളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാൻറ്സ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഹയർ സെക്കന്ററി വകുപ്പിന്റെ അഡ്മിഷൻ പോർട്ടലും സ്ഥാപനങ്ങൾ ഇ-ഗ്രാൻറ്സ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകി വരുന്നത്. എന്നാൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് 40% സംസ്ഥാനവും 60% കേന്ദ്രവുമാണ് വഹിക്കുന്നത്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപക്ക് മുകളിലുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന സർക്കാർ നൽകി വരുന്നു. |
| (ബി) | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർ സെക്കണ്ടറിയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് വിതരണം ഏതു വർഷം വരെ പൂർത്തീകരിച്ചു; ഇനി ഏതു വർഷം മുതലുള്ളതാണ് കൊടുത്തു തീർക്കുവാനുള്ളത്; കൊടുത്തു തീർക്കുവാൻ സ്വീകരിച്ച നടപടി എന്താണ്; പ്രസ്തുത ഗ്രാന്റിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ തുക പൂർണമായും വിനിയോഗിച്ചു കൊണ്ട് വിതരണം ചെയ്തിട്ടുണ്ട്. 2023-24 വരെയുള്ള വർഷത്തെ സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സ്കോളർഷിപ്പ് അപേക്ഷകളുടെ സ്വീകരണം വേഗത്തിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി വിവിധ യൂണിവേഴ്സിറ്റികളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാൻറ്സ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഹയർ സെക്കന്ററി വകുപ്പിന്റെ അഡ്മിഷൻ പോർട്ടലും സ്ഥാപനങ്ങൾ ഇ-ഗ്രാൻറ്സ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകി വരുന്നത്. എന്നാൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് 40% സംസ്ഥാനവും 60% കേന്ദ്രവുമാണ് വഹിക്കുന്നത്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപക്ക് മുകളിലുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന സർക്കാർ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ